സ.ഉ.(സാധാ) നം.2502/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ.ഉല്ലാസ്.യു -വിന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.2502/2022/LSGD തീയതി,തിരുവനന്തപുരം, 18-10-2022

പരാമർശം:- 1. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.02.2022 ലെ DDP-TSR/2499/2021/E2 നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ 01.09.2022ലെ ഇ6-12194/22 നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ . ഉല്ലാസ് . യു - വിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി .

2. ശ്രീ . ഉല്ലാസ് . യു 27.02.2016 ൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ചു . നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം . ഒ . പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 27.02.2018 മുതൽ ഒരു വർഷത്തേക്ക് പരാമർശം (1) പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു . 10.10.2020 ൽ ടിയാൻ എം . ഒ . പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 11.10.2020 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാളുടെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 12.10.2020 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്നാണ് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത് .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർശ കത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ , തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ . ഉല്ലാസ് . യു - വിന്റെ പ്രൊബേഷൻ കാലയളവ് ടിയാൻ എം . ഒ . പി പരീക്ഷ വിജയിച്ച 10.10.2020 ന്റെ തൊട്ടടുത്ത ദിവസമായ 11.10.2020 F N ന് ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 27.02.2019 മുതൽ 12.10.2020 AN വരെ കെ . എസ് & എസ് . എസ് . ആർ , ജനറൽ റൂൾ 21 പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

സ.ഉ.(സാധാ) നം.2502/2022/LSGD

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, വരവൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 230/ഇപിഎ1/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by Danuja M S
Date: 18-10-2022 12:15:32

സെക്ഷൻ ഓഫീസർ